<u>പതിനാലാം കേരള നിയമസഭ</u>

<u>ഒൻപതാം സമ്മേളനം</u>

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : *57 | 24.01.2018 ൽ മറുപടിക്ക്

<u>'ഈസ് ഓഫ് ഡൂയിങ് ബിസിനസ് '</u>

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. എം. രാജഗോപാലൻ<br>ശ്രീ. ബി. സത്യൻ<br>ശ്രീ.വി.കെ.സി. മമ്മത് കോയ<br>ശ്രീ. ആന്റണി ജോൺ | | ശ്രീ. എ.സി. മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) | 'ഈസ് ഓഫ് ഡൂയിങ് ബിസിനസ് ' എന്ന പദ്ധതിയുടെ ഭാഗമായി വ്യവസായ സംരംഭകർക്ക് സമയബന്ധിതമായി ലൈസൻസുകളും ക്ലിയറൻസുകളും ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ടോ; ഇതുസംബന്ധിച്ച് നിയമനിർമ്മാണം നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ; | (എ), (ബി), (സി) & (ഡി) | വ്യവസായ അനുകൂലാന്തരീക്ഷം സംസ്ഥാനത്ത് സംജാതമാക്കുവാനും അതുവഴി നിക്ഷേപവും തൊഴിലവസരങ്ങളും വളർത്താനുമായി വിവിധ വകുപ്പുകളിലായി നിലവിലുള്ള നിയമങ്ങൾ / ചട്ടങ്ങൾ / ഉത്തരവുകൾ എന്നിവയിൽ മാറ്റങ്ങൾ വരുത്തുന്നതിനായി പഠനം നടത്തിയിരുന്നു. അതനുസരിച്ച് ലഭിച്ച നിർദ്ദേശങ്ങളും പരിഹാര മാർഗ്ഗങ്ങളും അടങ്ങിയ പഠനറിപ്പോർട്ട് ഉന്നതതലങ്ങളിൽ വിവിധ വകുപ്പദ്ധ്യക്ഷൻമാരുടേയും സെക്രട്ടറിതലങ്ങളിലും നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിൽ സമർപ്പിക്കപ്പെട്ട പരിഷ്കാര നിർദ്ദേശങ്ങൾ സർക്കാർ അംഗീകരിക്കുകയുണ്ടായി.<br>നടപടിക്രമങ്ങൾ ലളിതവും വേഗത്തിലുമാക്കുന്നതിനായി കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ & ഫെസിലിറ്റേഷൻ ഓർഡിനൻസ് - 2017 വിജ്ഞാപനം ചെയ്യുകയുണ്ടായി. ഇത് ഈ നിയമസഭാ സമ്മേളന കാലയളവിൽ ബിൽ ആയി അവതരിപ്പിക്കുന്നതാണ്. താഴെപ്പറയുന്ന ഏഴ് നിയമങ്ങളിലാണ് ഭേദഗതികൾ വരുത്തി |
| (ബി) | ഇക്കാര്യത്തിൽ എന്തെങ്കിലും പഠനമോ ചർച്ചകളോ നടത്തിയിട്ടുണ്ടോ ; | | |
| (സി) | എങ്കിൽ പഠനറിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഏതെല്ലാം നിയമങ്ങളിലാണ് ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്നത് ; | | |
| (ഡി) | അപേക്ഷകളിന്മേലുള്ള പരിശോധനകളും ഓൺലൈൻ സംവിധാനങ്ങളും ഫലപ്രദമായും സമയബന്ധിതമായും നടപ്പാക്കുന്നു എന്ന് ഉറപ്പുവരുത്താൻ എന്തെല്ലാം സംവിധാനങ്ങളാണ് കൊണ്ടു | | |

| | | |
|---|---|---|
| വരാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ? | | യിട്ടുള്ളത്.<br>1. കേരള പഞ്ചായത്ത് രാജ് ആക്ട് - 1994<br>2. കേരള മുൻസിപ്പാലിറ്റി ആക്ട് - 1994<br>3. കേരള ലിഫ്റ്റ് ആന്റ് എസ്കലേറ്റേഴ്സ് ആക്ട് - 2013<br>4. കേരള ഗ്രൗണ്ട് വാട്ടർ ആക്ട് - 2002<br>5. കേരള ഹെഡ് ലോഡ് വർക്കേഴ്സ് ആക്ട് - 1978<br>6. കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് - 1960<br>7. കേരള സ്റ്റേറ്റ് സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ്സ് ആന്റ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏരിയ ഡെവലപ്പ്മെന്റ് ആക്ട് - 1999.<br><br>സംരംഭങ്ങൾ തുടങ്ങുന്നതിനാവശ്യമായ അനുമതികൾ അതിവേഗം നൽകുന്നതിനുള്ള ഏക ജാലക ക്ലിയറൻസ് സംവിധാനത്തിന്റെ മികച്ച പ്രവർത്തനത്തിനായി ഓൺലൈൻ സംവിധാനവും അപേക്ഷകളിന്മേൽ ഫലപ്രദമായും സമയബന്ധിതമായും പരിശോധന നടത്തുന്നതിനായി "ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ സെൽ (IPFC)" രൂപീകരിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. ഈ സംവിധാനം ജില്ലാതലത്തിൽ പ്രായോഗികമാക്കുന്നതിനായി ജില്ലാ കളക്ടർ തലവനായി ബന്ധപ്പെട്ട വകുപ്പുകളിലെ പ്രതിനിധി ഉദ്യോഗസ്ഥർ ഉൾപ്പെടുന്ന ഒരു ജില്ലാ സമിതിയും ഉണ്ടായിരിക്കും. ഇതുവഴി അനുമതികൾ വേഗത്തിലും അവയുടെ പുരോഗതി സംരംഭകർക്ക വേഗം മനസ്സിലാക്കുവാനും കഴിയും. |

| | | |
|---|---|---|
| | | വ്യവസായം തുടങ്ങുവാനുള്ള അനുമതികൾ കിട്ടുന്നതിനായി ഓൺ - ലൈനിൽ കൂടി ലഭിക്കുന്ന അപേക്ഷകൾ കാലതാമസമില്ലാതെ പരിഗണിക്കുക, അവയുടെ പുരോഗതി വിലയിരുത്തുക, വിവിധ വകുപ്പുതല പരിശോധനകൾ ഏകോപിപ്പിക്കുക, നിശ്ചിത സമയത്തിനുള്ളിൽ സംരംഭകർക്ക് അനുമതി നൽകുക എന്നിവയിൽ സെൽ സുപ്രധാന പങ്ക് വഹിക്കും. |

Pramodu T

**സെക്ഷൻ ഓഫീസർ**